**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ,**
**കൃഷിഡയറക്ടറേറ്റ്, തിരുവനന്തപുരം**

(ഹാജർ.എ.എം. സുനിൽകുമാർ)

വിഷയം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ജീവനക്കാര്യം രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം- 1) ഈ കാര്യാലയത്തിലെ 27.4.2016-ലെ എസ്.എച്ച് (1) 54830/2015 നമ്പർ ഉത്തരവ്

2) ഈ കാര്യാലയത്തിലെ 11.8.2016-ലെ ഇതേ നമ്പർ ഉത്തരവ്.

3) 3.4.2017-ലെ ശ്രീ. ജിജി.കെ.ബി വർക്ക് സൂപ്രണ്ടിന്റെ അപേക്ഷ

**ഉത്തരവ് എസ്.എച്ച് (1)24171/16, തീയതി, 11.10.2017**

പരാമർശം (1) പ്രകാരം വർക്ക് സൂപ്രണ്ട് തസ്തികയിലെ 20.12.2015 വരെയുള്ള ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം ടി സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ ഏഴ് ശ്രീ. വിജയകുമാർ.പി.സി വരെയുള്ളവർക്ക് രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിലവിൽ ആറ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ പത്ത് ശ്രീ.ജിജി.കെ.ബി പരാമർശം (3) പ്രകാരം ഉദ്യോഗക്കയറ്റത്തിൽ നിന്ന് തന്നെ ഒഴിവാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിലെ നിലവിലുള്ള ആറ് ഒഴിവുകളിലേയ്ക്ക് സീനിയോറിറ്റി ലിസ്റ്റിലെ ക്രമ പ്രകാരം താഴെ പറയുന്ന ജീവനക്കാരെ 22200 – 48000 എന്ന ശമ്പള സ്കെയിലിൽ കെ.എസ് & എസ്.എസ്. ആർ ചട്ടങ്ങളിലെ 31(എ) പ്രകാരം താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീ. സി.പി. തോമസ്, വർക്ക് സൂപ്രണ്ട്, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കോട്ടയം | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, തൃശ്ശൂർ(ശ്രീ.പി.സി.രഞ്ജന് ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചതു മൂലമുണ്ടായ ഒഴിവിൽ) |
| 2 | ശ്രീ.രാജീവ്.സി, വർക്ക് സൂപ്രണ്ട്, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കോഴിക്കോട് (ശ്രീ. അനിൽകുമാർ.പി ക്ക് ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവിൽ) |
| 3 | ശ്രീമതി. എ.സീന, വർക്ക് സൂപ്രണ്ട്, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കൊല്ലം | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,ആലപ്പുഴ (ശ്രീമതി.വി.ജെ. സുഗത ഒന്നാം ഗ്രേഡ് ഓവർസിയറിനെ മാറ്റിയ ഒഴിവിൽ) |

| | | |
|---|---|---|
| 4 | ശ്രീമതി. സൗമ്യ.കെ.എസ്, വർക്ക് സൂപ്രണ്ട്,കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെകാര്യാലയം, തിരുവനന്തപുരം | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം(ശ്രീ. ശ്യാം പുതുപ്പറമ്പിൽ ഓവർസിയർ ഗ്രേഡ് II -ന് സ്ഥലം മാറ്റം നൽകിയതുമൂലമുണ്ടായ ഒഴിവിൽ) |
| 5 | ശ്രീമതി. ശ്രീകല.എസ്, വർക്ക് സൂപ്രണ്ട്, പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയം, പാലക്കാട് | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കണ്ണൂർ (ശ്രീ. അബ്ദുൽ സലാം.പി ഓവർസിയർ ഗ്രേഡ് II ന് സ്ഥലം മാറ്റം നൽകിയതുമൂലമുണ്ടായ ഒഴിവിൽ) |
| 6 | ശ്രീ. ദീപക്.ഇ, വർക്ക് സൂപ്രണ്ട്, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, മലമ്പുഴ, പാലക്കാട് | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കാസർഗോഡ് (തുറന്ന ഒഴിവിൽ) |

ടി ജീവനക്കാരെ നിലവിലെ ഉത്തരവാദിത്വത്തിൽ നിന്നും ബന്ധപ്പെട്ട മേലധികാരികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്ത/ജോലിയിൽ പ്രവേശിച്ച വിവരങ്ങൾ യഥാക്രമം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

പരാമർശം (3) പ്രകാരമുള്ള ശ്രീ. ജിജി.കെ.ബി യുടെ അപേക്ഷ പരിഗണിച്ച് ടിയാനെ രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിൽ നിന്നും താൽക്കാലത്തേയ്ക്ക് ഒഴിവാക്കിയിരിക്കുന്നു.

(ഒപ്പ്)

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്,

ബന്ധപ്പെട്ട ജീവനക്കാർ (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്
1) പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ,
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്
2) കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ,
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ
പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്
3) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി. സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) കൃഷി ഡയറക്ടറുടെ സി.എയ്ക്ക്
5) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എയ്ക്ക്
6) കരുതൽ ഫയൽ 2017/അധികം

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

ഇആർ /8/9/17